പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 744** **17.7.2012-ന് മറുപടിക്ക്**

**മാലിന്യ നിർമ്മാർജ്ജനത്തിന് തെർമൽ സാങ്കേതിക വിദ്യ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, വി. റ്റി. ബൽറാം<br>,, എ. റ്റി. ജോർജ്ജ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് തെർമൽ സാങ്കേതികവിദ്യ ഉപയോഗിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് മലിനീകരണം ഉണ്ടാക്കാത്തതും സ്ഥലം ഏറ്റവും കുറവ്വുവേണ്ടതുമായ തെർമൽ ടെക്നോളജികളായ ഗ്യാസിഫിക്കേഷൻ, പൈറോളിസിസ്, തുടങ്ങിയവ ഉപയോഗിച്ചുള്ള സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സ്ഥലം ഏറ്റവും കുറവുവേണ്ട, മലിനീകരണം ഉണ്ടാകാത്ത ഉപയുക്തമായ Output ഉണ്ടാക്കുന്നതുമായ പദ്ധതികളെയും പരിഗണിക്കുന്നുണ്ട്. |
| ബി) ഏതൊക്കെ നഗരങ്ങളിലാണ് ഇതിനായി പ്ലാന്റുകൾ സ്ഥാപിക്കുന്നത്; | ബി) തെർമൽ സാങ്കേതിക വിദ്യയായ ഗ്യാസിഫിക്കേഷൻ ഉപയോഗപ്പെടുത്തി ആദ്യത്തെ മാലിന്യസംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കപ്പെടുക തിരുവനന്തപുരം നഗരത്തിലാണ്. |
| സി) ഇവയുടെ മാലിന്യ സംസ്ക്കരണ ശേഷി എത്രയാണ്; വിശ്ദമാക്കുമോ ; | സി) പ്രതിദിനം 35 ടൺ സംസ്ക്കരിക്കാൻ ശേഷിയുള്ള പ്ലാന്റാണ് സ്ഥാപിക്കുന്നത്. ആയതിന്റെ ശേഷി 100 ടണ്ണായി ആറുമാസമാസത്തിനുശേഷം പ്രവർത്തനങ്ങൾ വിലയിരുത്തി നിബന്ധനകൾക്ക് വിധേയമായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. |
| ഡി) ഇതിലൂടെ പ്രതിദിനം എത്ര ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനാകുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ? | ഡി) തുടക്കത്തിൽ പ്രതിമാസം 8 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ